# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1338

21.03.2012 ൽ മറുപടിയ്ക്ക്

## വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

**ചോദ്യം**

ശ്രീ. റ്റി. വി. രാജേഷ്

എ) സഹകരണ മേഖലയിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

ബി) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിൽ കേരളത്തിന് ദോഷകരമായ വ്യവസ്ഥകൾ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) യും (ബി) യും

വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക പാക്കേജിൽ കേരളത്തിന് ദോഷകരമായ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് നിവേദനം നൽകുകയും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് ഡൽഹിയിൽ വച്ച് ഉദ്യോഗസ്ഥ തലത്തിൽ ചർച്ച നടത്തുകയും, കേരളത്തിന്റെ പ്രശ്നങ്ങൾ പ്രത്യേകം പരിശോധിക്കേണ്ടിയിരിക്കുന്നു എന്ന നിഗമനത്തിൽ എത്തിച്ചേരുകയും പാക്കേജ് നടപ്പിലാക്കുന്നതിന് കേരളത്തിന് ചില വ്യവസ്ഥകളിൽ ഇളവുകൾ അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നബാർഡിനെ ചുമതലപ്പെടുത്തുകയുമുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ നബാർഡിന്റെ ഭാഗത്തു നിന്നും തുടർ നടപടികൾ ഉണ്ടാവുകയോ, പാക്കേജ് അംഗീകരിക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പാക്കേജിലെ കേരളത്തിന് ദോഷകരമായ വ്യവസ്ഥകൾ ഒഴിവാക്കി നൽകാൻ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

സെക്ഷൻ ഓഫീസർ